# പുനർവിവാഹ അനുമതിക്ക് അപേക്ഷിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ

1. പുനർ വിവാഹത്തിന് അപേക്ഷിക്കുന്ന ആളിന്റെ സ്വന്തം കൈപ്പടയിലുള്ള അപേക്ഷ.

2. അപേക്ഷിക്കുന്നയാളുടെ പിതാവിന്റെയോ, മാതാവിന്റെയോ അപേക്ഷ.

3. ഇടവക വികാരിയുടെ ശുപാർശ നിർബന്ധമായും പള്ളിയുടെ ലെറ്റർഹെഡിൽ സീലോടുകൂടി സമർപ്പിച്ചിരിക്കണം.

4. ഭദ്രാസന മെത്രാപ്പോലീത്തായുടെ ശുപാർശ.

5. ഇതര സഭകളിലേക്ക് വിവാഹം കഴിച്ചയച്ചതിനുശേഷം വിവാഹമോചനം നേടിയ പെൺകുട്ടികളെ മാതൃ ഇടവകയിലോ, മറ്റേതെങ്കിലും ഓർത്തഡോക്സ് ഇടവകയിലോ ചേർത്ത്, ആ ഇടവക വികാരിയുടെയും ഇടവക മെത്രാപ്പോലീത്തായുടെയും ശുപാർശ സമർപ്പിക്കണം)

6. വിവാഹമോചനം അനുവദിച്ചുകൊണ്ടുള്ള കോടതി ഉത്തരവിന്റെ ഒറിജിനൽ.

7. കോടതി ഉത്തരവിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി.

8. വിവാഹമോചനവുമായി ബന്ധപ്പെട്ട കോടതി ഉത്തരവ് സംബന്ധിച്ച് മറ്റ് കേസുകളോ അപ്പീലുകളോ നിലവിലില്ല എന്നുള്ള അപേക്ഷകന്റെ സത്യവാങ്മൂലം (100 രൂപാ മുദ്ര പത്രത്തിൽ) നോട്ടറി സാക്ഷ്യപ്പെടുത്തിയത്.

9. മേൽപ്പറഞ്ഞ എല്ലാ പേപ്പറുകളും ചേർത്ത് അപേക്ഷ സമർപ്പിച്ചുകഴിയുമ്പോൾ ആയത് സഭയുടെ നിയമോപദേശ സമിതിക്ക് കൈമാറുന്നതാണ്. പുനർവിവാഹത്തിന് നിയമപരമായി തടസ്സമില്ലെന്ന് ടി സമിതി കണ്ടെത്തിയാൽ മാത്രമേ പുനർവിവാഹം അനുവദിക്കുകയുള്ളൂ.

10. അപേക്ഷ സമർപ്പിച്ചുകഴിയുമ്പോൾ ഓഫീസിൽ നിന്നും നൽകുന്ന രജിസ്റ്റർ നമ്പർ പിന്നീടുള്ള ഇടപാടുകൾക്ക് ആവശ്യമാണ്.

11. പുനർവിവാഹത്തിനുള്ള അനുവാദ കല്പന കൈപ്പറ്റുമ്പോൾ 3000 രൂപാ ഓഫീസിൽ ഫീസ് അടച്ച് രസീത് വാങ്ങേണ്ടതാണ്.

12. അപേക്ഷ സമർപ്പിച്ച് ***ഒരുമാസത്തിനുശേഷം*** മാത്രമേ അനുവാദം ലഭിക്കുകയുള്ളൂ

**മേൽപറഞ്ഞ നിബന്ധനകൾ പൂർണ്ണമായും പാലിക്കാത്ത അപേക്ഷകൾ ഒരുകാരണവശാലും പരിഗണിക്കുന്നതല്ല.**

---

*അപേക്ഷകൾ സ്വീകരിക്കുന്ന സമയം:*

സാധാരണ പ്രവൃത്തിദിനങ്ങൾ(മാറാനായപെരുന്നാൾ ദിവസങ്ങളും പ്രധാന പൊതുഅവധി ദിവസങ്ങളും ഒഴികെ) തിങ്കൾ മുതൽ വെള്ളിവരെ രാവിലെ 10 മുതൽ വൈകിട്ട് 4.30 വരെ

ശനി രാവിലെ 10 മുതൽ 12 വരെ മാത്രം